## പന്ത്രണ്ടാം കേരള നിയമസഭ
### ഒന്നാം സമ്മേളനം
### 2006 ജൂൺ 27-ാം തീയതി ചൊവ്വാഴ്ച
### വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
### (ആകെ ചോദ്യങ്ങൾ - 30)

136. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്
137. അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി
138. രഹസ്യരേഖകൾ ഡച്ച് സർക്കാരിന് ലഭിച്ചതു സംബന്ധിച്ച് കേന്ദ്ര അന്വേഷണം
139. മിൽമ പാലിന്റെ വിലയും ഗുണനിലവാരവും
140. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ പർച്ചേസ് ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം
141. കുടുംബശ്രീ പദ്ധതി
142. ചെലവു കുറഞ്ഞ വിമാന സർവ്വീസ് തുടങ്ങുന്നതിന് നടപടി
143. മിൽമാ പാലിന്റെ സംഭരണ വില
144. കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷകൾ
145. മൃഗാശുപത്രികളുടെ പ്രവർത്തനം
146. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചികിത്സാ സഹായം
147. കായികരംഗം ജനകീയമാക്കാൻ നടപടി
148. മാസ്റ്റർപ്ലാൻ നിലവിലുള്ള പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിന് മേഖലാ ഇളവ്
149. പിന്നോക്ക സമുദായങ്ങളുടെ ജനസംഖ്യയനുസരിച്ച് റിസർവ്വേഷൻ പുനർനിർണ്ണയം
150. പൊതുശ്മശാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി
151. കെട്ടിട നികുതി പുതുക്കൽ
152. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി
153. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്
154. കോഴിക്കർഷകരെ സഹായിക്കുന്നതിന് നടപടി
155. തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനം
156. പ്രത്യേക റെയിൽവേ സോൺ ഉണ്ടാക്കുവാൻ നടപടി
157. ഗ്രാമ സഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി
158. വിമാനകമ്പനികൾ കൂടിയ ചാർജ് ഈടാക്കുന്നതിനെതിരെ നടപടി
159. ഭരണഭാഷ മലയാളമാക്കുന്നതിലെ പുരോഗതി
160. നൂതന ദാരിദ്ര്യ നിർമ്മാർജന ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം
161. ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ
162. പ്രവാസി മലയാളികളുടെ സഹായത്തോടെ തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള സംരംഭം
163. മുല്ലപ്പെരിയാർ ഡാമിന്റെ ജലസംഭരണശേഷി സംബന്ധിച്ച നിലപാട്
164. പുതിയ റെയിൽപാതയുടെ സർവ്വേ
165. കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് പദ്ധതികൾ

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ്

*136 ശ്രീ. പി.കെ. അബ്ദുറബ്ബ്
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി
ശ്രീ.സി.ടി. അഹമ്മദ് അലി
ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംബന്ധിച്ച് പരാമർശിക്കുന്ന സെക്ഷൻ 215 ൽ പ്രസ്തുത സ്ഥാപനങ്ങളുടെ തുടർച്ചയായ ആഡിറ്റ് നടത്തേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനങ്ങളുടെ തുടർച്ചയായ ആഡിറ്റ് നടക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ തുടർച്ചയായ ആഡിറ്റ് നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) സൂചിപ്പിച്ചിട്ടുണ്ട്.

(ബി) & (സി) ഉണ്ട്. എന്നാലും കാലതാമസം ഉണ്ടാകാറുണ്ട്.
കാലതാമസം ഒഴിവാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. അക്കൗണ്ടിംഗ് സമ്പ്രദായം പുനഃക്രമീകരിക്കാനും ലഘൂകരിക്കാനും നടപടി സ്വീകരിച്ചുവരുന്നു.
2. വർഷാന്ത്യ കണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ സഹായിക്കുന്നതിലേക്കായി പുതിയ അക്കൗണ്ടിംഗ് ചട്ടങ്ങളും അക്കൗണ്ട്സ് മാനുവലും തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.
3. ഒരു ഓഡിറ്റ് മാനുവൽ തയ്യാറാക്കാനും ഓഡിറ്റർമാർക്ക് കൃത്യമായി പരിശീലനം നൽകാനും നടപടി സ്വീകരിച്ചുവരുന്നു.

## അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി

*137 ശ്രീ.കെ.സി. കുഞ്ഞിരാമൻ
ശ്രീ.എ. പ്രദീപ് കുമാർ
ശ്രീ.എസ്. രാജേന്ദ്രൻ
ശ്രീ.ടി. പി. കുഞ്ഞുണ്ണി
ശ്രീ.എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ; പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പാക്കിയിട്ടുള്ളത് എന്നറിയിയ്ക്കുമോ ;

(സി) അക്ഷയ പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) ഉണ്ട്. അക്ഷയ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതിയുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളായി വിലയിരുത്താറുണ്ട്.

(ബി) ഒരു വീട്ടിൽ നിന്ന് ഒരാൾക്ക് എങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി വിവരസാങ്കേതിക വിദ്യയുടെ പ്രയോജനം സാമാന്യ ജനങ്ങളിലെത്തിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം.
മലപ്പുറം ജില്ലയിൽ ഈ പദ്ധതി നടപ്പാക്കിക്കഴിഞ്ഞു. കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ പദ്ധതി നടപ്പാക്കി വരുന്നു.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## <u>രഹസ്യരേഖകൾ ഡച്ച് സർക്കാരിന് ലഭിച്ചതു സംബന്ധിച്ച് കേന്ദ്ര അന്വേഷണം</u>

*138

ശ്രീ. കെ. സുധാകരൻ
,, കെ. ശിവദാസൻ നായർ
പ്രൊഫ. കെ. വി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിഭവ ഭൂപടമടക്കമുള്ള രഹസ്യ രേഖകൾ ഡച്ച് സർക്കാരിന് ലഭിച്ചതു സംബന്ധിച്ച് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ അന്വേഷണം നടത്തിയതായി അറിവുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ വിഭവ ഭൂപടമടക്കമുള്ള രഹസ്യ വിവരങ്ങൾ ഡച്ച് ഗവൺമെന്റിനു ലഭിച്ചതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതനുസരിച്ച് എന്തു നടപടി എടുത്തുവെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**
**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) ഇല്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

## മിൽമ പാലിന്റെ വിലയും ഗുണനിലവാരവും

*139 ശ്രീ. ജോർജ് മേഴ്സിയർ
,, കെ.സി.ജോസഫ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മിൽമ പാലിന്റെ വില വർദ്ധിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) മിൽമ വഴി വിൽക്കുന്ന പാലിന്റെ ഗുണവും അളവും വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണെടുക്കുന്നത്;

(സി) മിൽമാ പാലിൽ പാൽപ്പൊടി ചേർക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം;

(ഡി) മിൽമ പാലിൽ നിന്നും എത്ര ശതമാനം കൊഴുപ്പ് എടുത്തശേഷമാണ് അത് വിപണനം ചെയ്യുന്നത് എന്ന് അറിയിക്കുമോ ?

**ഉത്തരം**

**ശ്രീ. സി. ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) ഇല്ല.

(ബി) പ്രാഥമിക സംഘങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയ പാലാണ് കർഷകരിൽ നിന്നും സംഭരിക്കുന്നത്. ഗുണനിലവാര പരിശോധനയ്ക്കായി അത്യാധുനിക ഉപകരണങ്ങൾ ഓരോ ഡയറിയിലും സ്ഥാപിച്ചിട്ടുണ്ട്. ലബോറട്ടറി പരിശോധന വഴി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് വിപണനം നടത്തുന്നത്. വിതരണത്തിന് ആവശ്യമായ അളവ് പാൽ കർഷകരിൽ നിന്ന് ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിലെ ഫെഡറേഷൻ/യൂണിയൻ എന്നിവരിൽ നിന്നും വാങ്ങി കുറവു പരിഹരിക്കുന്നു.

(സി) ഉണ്ട്. 100 ഗ്രാം പാലിൽ 0.15 ഗ്രാം പാൽപ്പൊടി അതായത് 0.15%

(ഡി)

മിൽമ സംഭരിക്കുന്ന പാലിൽ ശരാശരി കൊഴുപ്പിന്റെ അളവ് 4.00% ആണ്. എന്നാൽ സ്റ്റാൻഡേർഡൈസ്ഡ് പാലിൽ 4.5% വും ടോൺഡ് പാലിൽ 3.0%വും കൊഴുപ്പാണ് പി.എഫ്.എ. ആക്ട് അനുശാസിക്കുന്നത്. സ്റ്റാൻഡേർഡൈസ്ഡ് പാലിന് 0.5% കൊഴുപ്പ് കൂടുതലായി ചേർക്കുകയും ടോൺഡ് പാലിനുവേണ്ടി കൊഴുപ്പിന്റെ അളവ് 3% ആക്കുന്നതിനാവശ്യമായ സ്കിംഡ് മിൽക്ക് (കൊഴുപ്പ് നീക്കം ചെയ്ത പാൽ) ചേർക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ വിവിധ ഇനം പാലിന് പി.എഫ്. എ. നിഷ്കർഷിച്ചിട്ടുളളതിൽ അധികമുളള കൊഴുപ്പ് നീക്കം ചെയ്യുകയും കുറവുളളത് ചേർക്കുകയും ചെയ്യാറുണ്ട്.

## സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ പർചേസ് ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

*140 ശ്രീ. രാജു എബ്രഹാം
,, കെ.കെ. ദിവാകരൻ
,, കെ.കെ. ജയചന്ദ്രൻ
,,ആനത്തലവട്ടം ആനന്ദൻ
,,ബി.രാഘവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പലവ്യഞ്ജനങ്ങൾ വാങ്ങുന്നതിലുൾപെടെ സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നടന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതുതരത്തിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നത്; സി.ബി.ഐ.അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സിവിൽ സപ്ളൈസ് കോർപ്പറേഷനിലെ പർച്ചേസ് ക്രമക്കേട് സംബന്ധിച്ച് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; രജിസ്റ്റർ ചെയ്ത കേസുകളെ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കാമോ?

**ഉത്തരം**

**ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) & (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പലവ്യഞ്ജനങ്ങൾ വാങ്ങുന്നതുൾപ്പെടെ സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം നടത്താൻ ശ്രീ. ഇ.കെ. മുരളീധരനെ (റിട്ട.ജില്ലാ ജഡ്ജി) അന്വേഷണ കമ്മീഷനായി നിയമിക്കുകയും 17.5.2005 മുതൽ ജുഡീഷ്യൽ അന്വേഷണം നടത്തിവരികയുമാണ്. ഇത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ സി.ബി.ഐ.യെക്കൊണ്ട് അന്വേഷണം നടത്തുന്ന കാര്യം പരിഗണനയിലാണ്.

(സി) 16 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

### അനുബന്ധം

| ക്രമ നം. | പ്രതിയുടെ പേര് | ക്രൈം.നം. | തീയതി | പോലീസ് സ്റ്റേഷൻ |
|---|---|---|---|---|
| 1 | കെ.റ്റി.ജോസഫും മറ്റുള്ളവരും | 972/04 | 17.11.04 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 2 | വിജയകുമാർ | 52/05 | 15.1.05 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 3 | കെ.റ്റി.ജോസഫും മറ്റുള്ളവരും | 458/05 | 16.5.05 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 4 | വിജയകുമാറും മറ്റുള്ളവരും | 133/05 | 30.5.05 | നെടുപുഴ **പോലീസ് സ്റ്റേഷൻ** |

| | | | | |
|---|---|---|---|---|
| 5 | കെ.റ്റി.ജോസഫ് & വിജയകുമാർ | CC 3800/05 | 8.11.05 | JFCM, **എറണാകുളം** |
| 6 | പാപ്പയ്യ ചെട്ടി | 546/06 | 10.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 7 | വി.ഭാസ്കർ | 547/06 | 10.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 8 | ഹരീഷ് എൻ പരേക് | 534/06 | 7.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 9 | ജഗദീഷ് കെ. | 589/06 | 17.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 10 | പങ്കജ് .എസ്. ഷാ | 548/06 | 10.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 11 | വൈ. ശ്രീനിവാസ | 585/06 | 12.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 12 | വൈ.എം.ഇന്ദുശേഖർ | 588/06 | 17.4.06 | സെൻട്രൽ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 13 | ആർ. വിജയകുമാർ & കെ.റ്റി.ജോസഫ് | 297/06 | 19.5.06 | ടൗൺ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 14 | രാധാകൃഷ്ണൻ കെ.ബി. | 298/06 | 19.5.06 | ടൗൺ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 15 | വി.ഗോപാലയ്യ | 299/06 | 19.5.06 | ടൗൺ **പോലീസ് സ്റ്റേഷൻ, എറണാകുളം** |
| 16 | ആർ. വിജയകുമാർ | 300/06 | 19.5.06 | ടൗൺ **പോലീസ് സ്റ്റേഷൻ, എറണാകുളം** |

## കുടുംബശ്രീ പദ്ധതി

*141 ശ്രീ. പി.ടി.എ. റഹീം
,, എം. പ്രകാശൻ മാസ്റ്റർ
,, കെ.ടി. ജലീൽ
,, വി.ജെ. തങ്കപ്പൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) കുടുംബശ്രീയിലൂടെ ഇപ്പോൾ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണ്;

(സി) ഇവയുടെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം എന്താണ്;

(ഡി) കുടുംബശ്രീയിലൂടെ പുതുതായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഇ) കുടുംബശ്രീ പദ്ധതികൾക്കുള്ള വായ്പകൾക്ക് ബാങ്ക് പലിശനിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കുടുംബശ്രീ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിപണന ശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

**ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ദാരിദ്ര്യം പൂർണ്ണമായി ഇല്ലായ്മ ചെയ്യുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. നമ്മുടെ നാട്ടിൽ ലഭ്യമായ വിഭവങ്ങളും സേവനങ്ങളും ഉപയോഗിച്ചുകൊണ്ട് സ്വയം സഹായ രീതിയിലാണ് ഇത് നടപ്പിലാക്കുന്നത്. ദരിദ്രരുടെ ചെറു കൂട്ടായ്മയിലൂടെ ദാരിദ്ര്യത്തിന്റെ എല്ലാ പ്രകടിത രൂപങ്ങളേയും ഇല്ലായ്മ ചെയ്യുകയാണ് കുടുംബശ്രീയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) കുടുംബശ്രീയിലൂടെ ഇപ്പോൾ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ നേതൃതലത്തിൽ പ്രവർത്തിക്കുന്നവരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥന്മാരുടെയും കുടുംബശ്രീ സംരംഭകരുടെയും മാനവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ.
2. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ആരോഗ്യ വോളന്റിയർമാരുടെ നേതൃത്വത്തിൽ നടക്കുന്ന സാമൂഹ്യ ആരോഗ്യ പരിപാടി.
3. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ റെമഡിയൽ എജ്യൂക്കേഷൻ സെന്റർ വെക്കേഷൻ ക്ലാസ്സുകൾ മുതലായവ.
4. അടുത്ത തലമുറയിലേക്കുള്ള ദാരിദ്ര്യത്തിന്റെ വ്യാപനം തടയുന്നതിന് കുട്ടികളെ ശാക്തീകരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ബാലസഭ.
5. അയൽക്കൂട്ടതലത്തിൽ അയൽക്കൂട്ട കുടുംബങ്ങളിലെ നിക്ഷേപം സമാഹരിക്കലും വായ്പ നൽകലും ഉൾപ്പെടെയുള്ള മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾ.
6. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ നബാർഡിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഗ്രേഡ് ചെയ്തുകൊണ്ട് ധനകാര്യ സ്ഥാപനങ്ങളുമായി

ബന്ധപ്പെടുത്തുന്ന ലിങ്കേജ് ബാങ്കിങ്ങ് പരിപാടി.

7. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ഭവന രഹിതരായ അംഗങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കുന്ന ഭവനശ്രീ പദ്ധതി.
8. സമൂഹത്തിൽ കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുളള ആശ്രയ പദ്ധതി.
9. ഗ്രാമ പഞ്ചായത്തുകളിൽ തരിശിട്ടിരിക്കുന്ന കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന പാട്ട കൃഷി പരിപാടി.
10. അയൽക്കൂട്ട കുടുംബങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിയും അയൽക്കൂട്ടാംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന വൈവിധ്യമാർന്ന മൈക്രോ സംരംഭങ്ങൾ.
11. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന യുവശ്രീ പദ്ധതി.
12. കുടുംബശ്രീ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്ന ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും ഏകോപിതമായി നടപ്പാക്കുന്നതിനും വേണ്ടി ആവിഷ്ക്കരിച്ചിട്ടുളള സ്വയം പര്യാപ്ത സ്വാശ്രയ സുസ്ഥിര ഗ്രാമ പരിപാടി.
13. നഗര പ്രദേശങ്ങളിലെ ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സ്റ്റേറ്റ് അർബൻ ഡെവലപ്പ്മെന്റ് ഏജൻസിയായി സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷനെ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ട്. ഇതിലൂടെ കേന്ദ്രാവിഷ്കൃത നഗര ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളായ സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ.) ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി.), വാൽമീകി അംബേദ്കർ ആവാസ് യോജന (വാംബേ), ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്പ്മെന്റ് പ്രോഗ്രാം (ഐ.എച്ച്.എസ്.ഡി.പി.) എന്നിവയും കുടുംബശ്രീയിലൂടെ നടപ്പിലാക്കിവരുന്നു.

(സി) മുകളിൽ വിവരിച്ചിട്ടുളള പരിപാടികളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഒഴികെയുളളവ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷന് സംസ്ഥാന ഗവണ്മെന്റ് ബഡ്ജറ്റിലൂടെ ലഭ്യമാക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നു. ഭവനശ്രീ, ലിങ്കേജ് ബാങ്കിംഗ് പ്രോഗ്രാം എന്നിവ പൂർണ്ണമായും ധനകാര്യ സ്ഥാപനങ്ങളിലെ വായ്പ ഉപയോഗിച്ചാണ് നടപ്പാക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഓരോ പദ്ധതിക്കും കേന്ദ്ര ഗവണ്മെന്റ് നിശ്ചയിച്ചിട്ടുളള മാനദണ്ഡപ്രകാരം കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ ലഭ്യമാക്കുന്ന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്നു. കൂടാതെ കുടുംബശ്രീ അംഗങ്ങളുടെ ത്രിഫ്റ്റിലൂടെ ലഭിക്കുന്ന തുകയും പദ്ധതിയുടെ നടത്തിപ്പിനായി ഉപയോഗിക്കുന്നു.

(ഡി) കുടുംബശ്രീയുടെ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും വിപണനം വർദ്ധിപ്പിക്കുന്നതിനുമായി ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) പലിശനിരക്ക് കുറയ്ക്കുന്നകാര്യം ബാങ്കുകളുമായി ചർച്ച ചെയ്യുന്നതാണ്. കേന്ദ്ര ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന കുറഞ്ഞ പലിശനിരക്കുളള വായ്പ കൂടുതൽ കുടുംബശ്രീ യൂണിറ്റുകൾക്ക് ലഭ്യമാകുന്നതിനും ശ്രമിക്കുന്നതാണ്.

(എഫ്) കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായി നിലവിലുളള ഗ്രാമവികസന വകുപ്പിന്റെ വിപണന കേന്ദ്രങ്ങളും വിപണന സൗകര്യങ്ങളും ലഭ്യമാക്കി വിൽപ്പന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതാണ്. കൂടാതെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തി വിപണനത്തിനായി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. റൂറൽ ഹാറ്റ് (Rural Hatt) പോലുളള വിപണന കേന്ദ്രങ്ങൾ കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നതിനായി ശ്രമിക്കുന്നതാണ്.

## ചെലവു കുറഞ്ഞ വിമാന സർവ്വീസ് തുടങ്ങുന്നതിന് നടപടി

*142 ശ്രീ. എം .ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലെ മലയാളികൾക്ക് കേരളത്തിലേയ്ക്ക് വിമാന യാത്ര ചെയ്യുന്നതിന് വിമാന കമ്പനികൾ അമിത നിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനായി ചെലവു കുറഞ്ഞ രീതിയിൽ വിമാന സർവ്വീസ് തുടങ്ങുന്ന കാര്യം പരിഗണയിൽ ഉണ്ടോ;

(സി) ഇതിനാവശ്യമായ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ ?

**ഉത്തരം**

**ശ്രീ.വി.എസ്.അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ചെലവു കുറഞ്ഞ വിമാന സർവ്വീസ് തുടങ്ങുന്നതിനുള്ള സാധ്യതാ പഠനം മാനേജ്മെന്റ് ഉപദേശകരായ ഏണസ്റ്റ് ആന്റ് യംഗ് നെക്കൊണ്ട് നടത്തിപ്പിച്ചു. അവർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും, ചെലവു കുറഞ്ഞ വിമാന സർവ്വീസ് ആരംഭിക്കുന്നതിനായി ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി മുൻസർക്കാർ രൂപീകരിച്ചെങ്കിലും തുടർ നടപടികൾ ഒന്നും ആരംഭിച്ചതായി കാണുന്നില്ല.

## മിൽമാപാലിന്റെ സംഭരണ വില

*143 ശ്രീ. എം. ഉമ്മർ
,,അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മിൽമാപാലിന്റെ സംഭരണവില സംസ്ഥാനത്തെ ഓരോ സ്ഥലങ്ങളിലും വ്യത്യസ്തമാണോ;

(ബി) അങ്ങനെയെങ്കിൽ പാലിന് വ്യത്യസ്ത സംഭരണവില നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനമെന്താണ്;

(സി) എറണാകുളം മേഖലയിൽ നിലവിലിരുന്ന സംഭരണവില വീണ്ടും കുറയ്ക്കുന്നതിന്റെ കാരണമെന്താണ്;

(ഡി) വിലക്കുറവുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന നഷ്ടം ഏതു രീതിയിൽ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) & (ബി) വ്യത്യസ്തമാണ്. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ നിശ്ചയിച്ചിരിക്കുന്ന വില ഒരേ രീതിയിലാണ്. എന്നാൽ അധിക ഉൽപ്പാദന കാലത്ത് യൂണിയനുകൾ ഫെഡറേഷന്റെ അംഗീകാരത്തോടെ വിലയിൽ കുറവു വരുത്തുകയും കമ്മി ഉൽപ്പാദന കാലങ്ങളിൽ ഇൻസെന്റീവ് നൽകി ഇത് പുന:സ്ഥാപിക്കുകയും ചെയ്യുന്നു.

(സി) എറണാകുളം മേഖലാ യൂണിയൻ ഏതാനും വർഷങ്ങളായി സാമ്പത്തിക പ്രതിസന്ധിയിലായിരുന്നതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരുകളും ദേശീയ ക്ഷീരവികസന ബോർഡും ചേർന്ന് നടപ്പിലാക്കുന്ന പുനരധിവാസ സാമ്പത്തിക സഹായ പദ്ധതി ഏർപ്പെടുത്തിയ പാക്കേജ് പ്രകാരം ( റിഹാബിലിറ്റേഷൻ പദ്ധതി) ഇരട്ട വില സമ്പ്രദായം ഏർപ്പെടുത്താൻ യൂണിയൻ ബാദ്ധ്യസ്ഥമാണ്. ഇക്കാരണത്താൽ എറണാകുളം യൂണിയന്റെ സംഭരണവില 2006 ജൂൺ മുതൽ കുറവു ചെയ്തിട്ടുണ്ട്.

(ഡി) പാൽ ഉൽപ്പാദനം കൂടുകയും താരതമ്യേനെ പാൽ ഉൽപ്പാദനച്ചെലവ് കുറയുന്നതുമായ മഴക്കാലത്ത് (ജൂൺ, ജൂലൈ മാസങ്ങളിൽ ) വിപണന ആവശ്യത്തേക്കാൾ കൂടുതൽ പാൽ ഉണ്ടാകുമ്പോൾ സംഭരണവില കുറയ്ക്കുകയും എന്നാൽ സംഭരണവും ഉൽപ്പാദനവും കുറയുന്ന ജനുവരി മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന വിലയ്ക്കു പുറമെ ഇൻസെന്റീവായി അധികവിലയോ അല്ലെങ്കിൽ കർഷകർ വാങ്ങുന്ന കാലിത്തീറ്റയ്ക്ക് സബ്സിഡിയോ നൽകുന്നു. ഇപ്രകാരം ക്ഷീര കർഷകർക്കുണ്ടാകുന്ന നഷ്ടം ഒരു പരിധി വരെ പരിഹരിച്ചുവരുന്നുണ്ട്.

## കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷകൾ

*144 ശ്രീ. റോഷി അഗസ്റ്റിൻ
,, തോമസ് ചാഴികാടൻ
,, കെ.എം. മാണി
,, ജോസഫ് എം. പുതുശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷകളിന്മേൽ തീർപ്പു കല്പിക്കുവാൻ കാലവിളംബം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലൈസൻസ് നൽകുന്നതിൽ ക്രമക്കേട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസവും ക്രമക്കേടും ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(ഡി) ലൈസൻസിംഗ് നടപടികൾ സുതാര്യമാക്കുവാൻ സർക്കാർ മുൻകൈ എടുക്കുമോ?

**ഉത്തരം**

**ശ്രീ.പാലൊളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ബിൽഡിംഗ് പെർമിറ്റിനുള്ള പ്ലാൻ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്ക് സമർപ്പിച്ചു കഴിഞ്ഞാൽ ഒരു മാസത്തിനുള്ളിൽ തീർപ്പുകല്പിക്കണമെന്ന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ വ്യവസ്ഥയുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ മുൻഗണനാക്രമം പാലിച്ചുകൊണ്ട് കെട്ടിട നിർമ്മാണ ലൈസൻസിനുള്ള അപേക്ഷകൾ തീർപ്പാക്കണമെന്ന് സർക്കാർ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്. കാലതാമസത്തിനും ക്രമക്കേടിനും അഴിമതിക്കും കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടിയെടുക്കുന്നുണ്ട്.

## മൃഗാശുപത്രികളുടെ പ്രവർത്തനം

*145 ശ്രീ. ബി.ഡി. ദേവസ്സി
,, കെ. വി. അബ്ദുൾ ഖാദർ
,, വി. ശിവൻകുട്ടി
,, എം.കെ. പുരുഷോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മൃഗാശുപത്രികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ മരുന്നുകളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കൃത്രിമ ബീജസങ്കലന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) കൂടുതൽ പോളിക്ളിനിക്കുകൾ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) സൂപ്പർ സ്പെഷ്യാലിറ്റി വെറ്റിനറി ആശുപത്രി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ.സി.ദിവാകരൻ (ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി )**

(എ) ഉണ്ട്.

(ബി) ഉണ്ട്. എല്ലാ മൃഗാശുപത്രികളിലും വർഷം തോറും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നുണ്ട്.

(സി) ഈ പദ്ധതിമൂലം സംസ്ഥാനത്ത് ആകെ കന്നുകാലികളിൽ 83%ത്തേയും ഉൽപ്പാദന ശേഷി കൂടിയ സങ്കരയിനം ആക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുമൂലം സംസ്ഥാനത്തെ പശുക്കളുടെ പ്രതിദിന പാലുൽപ്പാദനശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ട്. ആവശ്യകത പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

(ഇ) ഉണ്ട്. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലാണ് സൂപ്പർ സ്പെഷ്യാലിറ്റി വെറ്റിനറി ആശുപത്രി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുളള ചികിത്സാ സഹായം

146 ശ്രീ. യു. സി. രാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ചികിൽസാ സഹായം നൽകുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) ഈ ചികിൽസാ സഹായത്തിന് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ ചികിൽസാ സഹായത്തുക വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) രോഗികൾക്ക് സഹായത്തുക കാലതാമസം കൂടാതെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) & (ബി) എംപ്ളോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ അംഗമല്ലാത്തവരും, കുടുംബ വാർഷിക വരുമാനം 20,000/- രൂപയിൽ താഴെ ഉളളവരും രോഗം കൊണ്ട് ദുരിതമനുഭവിക്കുന്നവരുമായവർക്ക് സാധാരണ രോഗത്തിന് 2000/- രൂപ വരെയും, കാൻസർ, ഹൃദ്രോഗം, ഡയാലിസിസ് ആവശ്യമായ വൃക്കരോഗങ്ങൾ തുടങ്ങിയവയ്ക്ക് 5000/- രൂപ വരെയും അനുവദിക്കാറുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല

(ഡി) അപേക്ഷകളിന്മേൽ തിരുമാനമെടുക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം തുക നൽകുന്നതിനുമുള്ള കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ 26..12..2003 ലെ ജി.ഒ.(എം.എസ്)നം.408/03/റവ ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം നിയമസഭാ ലൈബ്രറിയിൽ ലഭ്യമാണ്.)

## കായികരംഗം ജനകീയമാക്കാൻ നടപടി

147 ശ്രീ. ബാബു. എം. പാലിശ്ശേരി
,, പി. പി. അബ്ദുള്ളക്കുട്ടി
,, എ. എം. ആരിഫ്
,, കെ. കുഞ്ഞിരാമൻ
,, ടി. പി. കുഞ്ഞുണ്ണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികരംഗം കൂടുതൽ ജനകീയമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(സി) കായികരംഗത്ത് യോഗ്യരായ പരിശീലകരുടെ അഭാവം അനുഭവപ്പെടുന്നുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൂടുതൽ പേരെ കായിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് ഉതകുന്ന നടപടി സ്വീകരിക്കുമോ ?

**ഉത്തരം:– ശ്രീ. എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) & (ബി) സംസ്ഥാന കായികരംഗം കൂടുതൽ ജനകീയമാക്കുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കൂടുതൽപേരെ കായികരംഗത്ത് ആകർഷിക്കുന്നതിനും കായിക താരങ്ങളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിനി ഗയിംസ്, റൂറൽ സ്പോർട്ട്സ് മീറ്റ്, വിമൻ സ്പോർട്ട്സ് മീറ്റ്, കോളേജ് ഗയിംസ്, മാരത്തോൺ മത്സരം എന്നിവ നടത്തിവരുന്നു.

## മാസ്റ്റർപ്ലാൻ നിലവിലുള്ള പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിന് മേഖലാ ഇളവ്

148 ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. ജോസഫ് എം.പുതുശ്ശേരി
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. കെ.എം. മാണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മാസ്റ്റർപ്ലാൻ നിലവിലുള്ള പ്രദേശങ്ങളിൽ മേഖലാ ഇളവ് നിർത്തലാക്കിയതു മൂലം കെട്ടിട നിർമ്മാണത്തിന് ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മേഖലാ ഇളവ് പുനസ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഡി) പ്രദേശത്തിന്റെ വികസനത്തിനനുസൃതമായി വികസന രൂപരേഖയിൽ മതിയായ ഭേദഗതികൾ വരുത്തുവാൻ നടപടി കൈക്കൊള്ളുമോ ?

**ഉത്തരം:– ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തിന്റെ നിയമവശങ്ങൾ പരിശോധിച്ചു വരുന്നു.

(ഡി) ഇതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

## പിന്നോക്ക സമുദായങ്ങളുടെ ജനസംഖ്യയനുസരിച്ച് റിസർവ്വേഷൻ പുനർ നിർണ്ണയം

149 ശ്രീ. എം.മുരളി
,, എ. പി. അനിൽ കുമാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായങ്ങളുടെ ജനസംഖ്യയനുസരിച്ച് റിസർവ്വേഷൻ പുനർ നിർണ്ണയം ചെയ്യുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) & (ബി) ജനസംഖ്യയും സാമൂഹ്യ പിന്നോക്കാവസ്ഥയും നിലവിലുള്ള സംവരണ സമുദായങ്ങളുടെ പ്രാതിനിധ്യവും പരിഗണിച്ച് സംവരണം പുനർനിർണയം ചെയ്യാൻ ഇന്ദിരാസാഹ്നി കേസിലെ സുപ്രീംകോടതിവിധിയുടെ നിർദ്ദേശം അനുസരിച്ച് സ്ഥിരം കമ്മീഷനെ നിയമിക്കണമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

# പൊതുശ്മശാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി

150

ശ്രീ. വി. എൻ. വാസവൻ
,, കെ. കുഞ്ഞിരാമൻ
,, എം. ജെ. ജേക്കബ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ എന്നിവിടങ്ങളിലെ പൊതുശ്മശാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനായി പദ്ധതി ആവിഷ്ക്കരിക്കുമോ;

(ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ വൈദ്യുതി ശ്മശാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ശ്മശാനങ്ങളിൽനിന്നുള്ള മലിനീകരണം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) കോർപ്പറേഷനുകളിലും, നഗരസഭകളിലും പൊതു ശ്മശാനങ്ങൾ നിലവിലുണ്ട്. പഞ്ചായത്തുകളിൽ ശ്മശാനത്തിനാവശ്യമായ സ്ഥലം കണ്ടെത്തി വിലക്കുവാങ്ങുന്നതിനോ അക്വയർ ചെയ്യുന്നതിനോ എല്ലാ ജില്ലാ കളക്ടർമാർക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി ഒരു പഞ്ചായത്തിന് ഒരു ലക്ഷം രൂപ വീതം സർക്കാർ ധനസഹായം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ ഇപ്പോൾതന്നെ വൈദ്യുതി ശ്മശാനങ്ങൾ നിലവിലുണ്ട്. മറ്റ് നഗരസഭകളിൽ ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## കെട്ടിട നികുതി പുതുക്കൽ

151 ശ്രീ. എം. പ്രകാശൻ മാസ്റ്റർ
ശ്രീ. വി. ജെ. തങ്കപ്പൻ
ശ്രീ. പി. കൃഷ്ണ പ്രസാദ്
ശ്രീ. എം. ഹംസ
ശ്രീ. സി.എം. ദിനേശ് മണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കെട്ടിട നികുതി ശാസ്ത്രീയമായി പുതുക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എന്നാണ് ഇതിനുമുമ്പ് കെട്ടിട നികുതി പുതുക്കിയത് എന്നറിയിക്കാമോ;

(ഡി) പാകപ്പിഴ കൂടാതെ കെട്ടിട നികുതി നിർണ്ണയിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം:- ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) നികുതിഘടന ശാസ്ത്രീയമായി പരിഷ്കരിച്ചും, അവ ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം വർദധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) 1993-ൽ

(ഡി) തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിട നികുതി പുതുക്കി നിർണ്ണയിക്കാനാണ് ഉദ്ദേശിക്കുന്നത്. കെട്ടിടത്തിന്റെ നിർമ്മാണരീതി, കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വഴി സൗകര്യം, കെട്ടിടത്തിന്റെ ഉപയോഗത്തിനനുസരിച്ച് നികുതി ഇളവ്, ഗാർഹികേതര ആവശ്യങ്ങൾക്ക് നികുതിയുടെ നിരക്കിൽ വ്യത്യാസം ഇവ കൂടി പരിഗണിച്ച് പാകപ്പിഴ കൂടാതെ കെട്ടിക നികുതി നിർണ്ണയിക്കുന്നതിന് നടപടി എടുക്കാൻ ഉദ്ദേശിക്കുന്നു.

## പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി

152 ശ്രീ കെ. ബി.ഗണേഷ്കുമാർ.
,, കെ. കെ. ഷാജു
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമം ആക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ ഗുണകരമാകത്തക്ക നിലയിൽ പി.എസ്.സി.യിൽ താലൂക്ക്തല ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ?

**ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കാലോചിതവും ശാസ്ത്രീയവുമായ മാറ്റങ്ങൾ വരുത്തിയാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ ഇപ്പോൾ പരീക്ഷ നടത്തി വരുന്നത്. വിവിധ തസ്തികകൾക്കുള്ള തെരെഞ്ഞെടുപ്പ് ത്വരിതപ്പെടുത്തുന്നതിനായി സാധ്യമായ എല്ലാ മേഖലകളും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞു. അഡ്മിഷൻ ടിക്കറ്റുകൾ തയ്യാറാക്കുന്നത് കമ്പ്യൂട്ടർ മുഖേനയാക്കി. ചോദ്യപേപ്പർ ചോർച്ചയും മറ്റും ഒഴിവാക്കി പരമാവധി സുരക്ഷിതത്വത്തോടെ പരീക്ഷ നടത്തിക്കുന്നതിനായി പരീക്ഷാ കേന്ദ്രങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ജിവനക്കാർ ചോദ്യപേപ്പർ നേരിട്ടെത്തിച്ച് പരീക്ഷ നടത്തിക്കുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനങ്ങളിൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്ന കാലതാമസം ഇപ്പോൾ ഇല്ല. വിജ്ഞാപനം പുറപ്പെടുവിച്ച് ഒരു വർഷത്തിനുള്ളിൽതന്നെ പരീക്ഷയും ഇന്റർവ്യൂവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കമ്മീഷന് മിക്കവാറും കഴിയുന്നുണ്ട്. ഒ.എം.ആർ. വഴിയുള്ള മൂല്യനിർണ്ണയം, കേന്ദ്രീകൃത മൂല്യ നിർണ്ണയം എന്നീ നടപടികളിലൂടെ തെരെഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കാര്യക്ഷമമായി നടത്തുവാൻ പബ്ലിക് സർവ്വീസ് കമ്മീഷന് കഴിയുന്നു.

(സി) താലൂക്ക്തല ഇൻഫർമേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

153 ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
ശ്രീ.സാജു പോൾ
ശ്രീ.സി. കെ. സദാശിവൻ
ശ്രീമതി ജെ. അരുന്ധതി
ശ്രീ.കെ.വി. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ഓഡിറ്റ് സമ്പ്രദായം വിശദീകരിക്കുമോ;

(ബി) പദ്ധതി നടത്തിപ്പു സംബന്ധിച്ച രേഖകളോ, ഫയലുകളോ ഓഡിറ്റ് പരിശോധനക്കു ഹാജരാക്കാൻ കഴിയാത്തതിന്റെ ഫലമായി ഈ സ്ഥാപനങ്ങളിലെ നല്ലൊരു വിഭാഗം സെക്രട്ടറിമാരും സർചാർജ് ഉൾപ്പെടെയുള്ള നടപടികൾ നേരിടുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു വകുപ്പുകളിലെ നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച രേഖകളും ഫയലും ശരിയായി സൂക്ഷിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കു നിർദ്ദേശം നൽകുമോ;

(ഡി) പഞ്ചായത്തുകൾക്ക് പ്രത്യേകമായ അക്കൗണ്ടിംഗ് ചട്ടങ്ങൾ ഉണ്ടാക്കാൻ നടപടിയെടുക്കുമോ?

**ഉത്തരം:– ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**
**(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) ലോക്കൽഫണ്ട് ആഡിറ്റ്, പെർഫോമൻസ് ആഡിറ്റ് ഒന്നീ വിവിധ തരത്തിലുള്ള ആഡിറ്റുകൾ നടന്നുവരുന്നുണ്ട്.

(ബി) ഇല്ല

(സി) നിലവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ എല്ലാ ഫയലുകളും അവരവരുടെ ഓഫീസുകളിൽ തന്നെയാണ് സൂക്ഷിക്കുന്നത്. ഓഡിറ്റിന് ഫയലുകൾ ആവശ്യപ്പെടുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ അവ ഹാജരാക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) നടപടി എടുത്തു വരുന്നു.

## കോഴിക്കർഷകരെ സഹായിക്കുന്നതിന് നടപടി

154 ശ്രീ. ആർ. സെൽവരാജ്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
,, മുരളി പെരുനെല്ലി
,, പി. വിശ്വൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗ സംരക്ഷണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനി ഭീഷണിയെ തുടർന്ന് കോഴിവളർത്തൽ രംഗത്തുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്ത് എന്തു തുകയുടെ നഷ്ടം ഈ വ്യവസായരംഗ ത്തുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്;

(സി) കോഴികൃഷിയിൽ നഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിന് എന്തെ ങ്കിലും ആശ്വാസ നടപടി സ്വീകരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ അതിനായി നട പടി സ്വീകരിക്കുമോ;

(ഡി) കോഴികൃഷി, പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. സി. ദിവാകരൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഏകദേശം 50 കോടി രൂയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. പക്ഷിപ്പനി മൂലം കോഴികൾ ചത്തൊടുങ്ങുകയോ നശിപ്പിക്കപ്പെടുകയോ ഉണ്ടായിട്ടില്ലാത്തതി നാൽ പ്രത്യേക നഷ്ടമില്ല. എന്നാൽ വിൽപനയിൽ ഉണ്ടായ മന്ദതയും വിലയുടെ ഏറ്റക്കുറച്ചിലുകളും പരോക്ഷമായ നഷ്ടം കോഴിക്കർഷകർക്ക് ഉണ്ടാക്കിയിട്ടുണ്ട്.

(സി) ഉണ്ട്. കേരളത്തിൽ പക്ഷിപ്പനി ഇല്ലായെന്നും കോഴിയിറച്ചിയും മറ്റുൽപ്പന്നങ്ങളും ശരിയായി പാകം ചെയ്തുപയോഗിച്ചാൽ സുരക്ഷിതമാണെന്നും മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തിയതിന്റെ ഫലമായി ഉപഭോഗം ക്രമേണ കൂടിയതായി കണക്കുകൾ വ്യക്തമാക്കുന്നു. ബാങ്കുകളിൽനിന്നും വായ്പ എടുത്തിട്ടുള്ള കർഷ കർക്ക് തിരിച്ചടവിനായി ആശ്വാസ നടപടികൾ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) സ്വീകരിച്ചു വരുന്നു.

# തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനം

155

ശ്രീ. എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്
,, ജി. കാർത്തികേയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ കാര്യങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. വി.എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) & (ബി) തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിന്റെ വികസനം രണ്ട് ഘട്ടങ്ങളിലായിട്ടാണ് എയർപോർട്ട് അതോറിറ്റിഓഫ് ഇൻഡ്യ വിഭാവനം ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ ചാക്ക ഭാഗത്തായി പുതിയ രാജ്യാന്തര ടെർമിനലും മറ്റ് അനുബന്ധ വികനവുമാണ് തീരുമാനിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ദീർഘകാല വികസന പദ്ധതികളാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുതിയ രാജ്യാന്തര ടെർമിനൽ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ 27.56 ഏക്കർ ഭൂമി ഏറ്റെടുത്ത് സൗജന്യമായി എയർപോർട്ട് അതോറിറ്റിക്ക് കൈമാറുകയുണ്ടായി. 15.07.2005 ൽ ചേർന്ന എയർപോർട്ട് അതോറിറ്റിയുടെ ഡയറക്ടർ ബോർഡ് യോഗം 165.58 കോടി രൂപ മുതൽ മുടക്കുവരുന്ന പുതിയ രാജ്യാന്തര ടെർമിനൽ നിർമ്മാണ പദ്ധതിക്ക് അംഗീകാരം നൽകുകയും കേന്ദ്ര പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

തിരുവനന്തപുരം വിമാനത്താവള (ഒന്നാംഘട്ട) വികസന പദ്ധതിക്ക് പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം ആവശ്യമായ അനുമതി കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇതിനോടകം നൽകിക്കഴിഞ്ഞു. വിമാനത്താവള വികസനത്തിന്റെ മാസ്റ്റർ പ്ലാൻ എയർപോർട്ട് അതോറിറ്റി ഡയറക്ടർ ബോർഡ് യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ക്യാബിനറ്റ് കമ്മിറ്റി ഓൺ എക്കണോമിക് അഫയേഴ്സിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക്, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകും.

പുതിയ ടെർമിനൽ നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും സ്വീകരിക്കേണ്ട എല്ലാ നടപടികളും പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

## <u>പ്രത്യേക റെയിൽവേ സോൺ ഉണ്ടാക്കുവാൻ നടപടി</u>

*156 ശ്രീ. ടി. എൻ. പ്രതാപൻ
ശ്രീ. കെ. സി. വേണുഗോപാൽ
ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനുവേണ്ടി ഒരു പ്രത്യേക റെയിൽവേ സോൺ ഉണ്ടാക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനുദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം ചെയ്യാനാണുദ്ദേശിക്കുന്നത്;

(സി) ഇതുവരെ ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം:- ശ്രീ. എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്.

(ബി) & (സി) സംസ്ഥാനത്തിന് മാത്രമായി ഒരു റെയിൽവേ സോൺ ഉണ്ടാകുക എന്നത് സംസ്ഥാനത്തെ റയിൽവേവികസനത്തിന് അത്യന്താപേക്ഷിതമായി സർക്കാർ കാണുന്നു. അത് നേടിയെടുക്കുന്നതിന് സർക്കാർ തലത്തിലും എം.പി. മാർ മുഖേനയും നടപടികൾ സ്വീകരിക്കുന്നതാണ്.

## ഗ്രാമ സഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

*157 ശ്രീ. വി. ശിവൻ കുട്ടി
,, പി. ജയരാജൻ
,, സി. കെ. സദാശിവൻ
,, ആർ. സെൽവരാജ്
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്നു വ്യക്തമാക്കുമോ;

(സി) ഗ്രാമസഭാ യോഗങ്ങളിലെ ജനപങ്കാളിത്തം ശുഷ്കമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിക്കുന്നതിനും സ്ത്രീകളുടെയും എസ്.സി/എസ്.റ്റി. വിഭാഗങ്ങളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുമോ;

(ഡി) ഗ്രാമസഭകളുടെ ആഭിമുഖ്യത്തിൽ ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം:– ശ്രീ. പാലൊളി മുഹമ്മദ്കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) & (സി) പുതിയ ഗ്രാമപഞ്ചായത്ത് ഭരണസമിതികൾ നിലവിൽ വരുമ്പോൾ ഗ്രാമസഭകൾ യഥാസമയം കൂടുന്നതിനും, നിയമാനുസരണം നടത്തേണ്ട സ്പെഷ്യൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമസഭ കൂടുന്നതിന് എല്ലാ വീടുകളിലും നോട്ടീസ് എത്തിക്കുക, പ്രധാന സ്ഥലങ്ങളിൽ നോട്ടീസ് പതിയ്ക്കുക, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ മുഖാന്തിരം വീടുവീടാന്തരം പ്രചാരണം നൽകുക, വാർത്താ മാദ്ധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുക തുടങ്ങിയവ അവലംബിച്ച് ഗ്രാമസഭാ യോഗങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിനും പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## വിമാനകമ്പനികൾ കൂടിയ ചാർജ് ഈടാക്കുന്നതിനെതിരെ നടപടി

*158 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ

(എ) ഗൾഫ് രാജ്യങ്ങളിൽ സ്കൂൾ അടയ്ക്കുന്ന മാസങ്ങളിൽ നാട്ടിലേക്ക് വരുന്ന മലയാളികളിൽ നിന്ന് വിമാനകമ്പനികൾ വളരെ കൂടിയ ചാർജ് ഈടാക്കുന്നതും അതിന് എയർഇന്ത്യയും ഇൻഡ്യൻ എയർലൈൻസും കൂട്ടുനിൽക്കുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം നോർക്ക വകുപ്പു വഴി ഇന്ത്യാഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തി പരിഹാരം ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ;

**ഉത്തരം:- ശ്രീ. വി. എസ്. അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ കാര്യങ്ങൾ ഉൾക്കൊണ്ട മെമ്മോറാണ്ടം പ്രശ്നപരിഹാരത്തിനായി 16-8-2005-ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി കേന്ദ്ര സർക്കാരിൽ വീണ്ടും സമ്മർദ്ദം ചെലുത്തുന്നതാണ്.

## ഭരണഭാഷ മലയാളമാക്കുന്നതിലെ പുരോഗതി

*159 ശ്രീ. കെ. ടി. ജലീൽ
ശ്രീ. പി. വിശ്വൻ
ശ്രീ. എ. പ്രദീപ് കുമാർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. അൽഫോൺസ് കണ്ണന്താനം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മലയാളമാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് ഇപ്പോൾ പൂർണ്ണമായും മലയാളഭാഷ ഉപയോഗിക്കുന്നത് ?

(സി) ആഫീസുകളിൽ മലയാള ഭാഷ ഉപയോഗിക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും നിലവിലുള്ള സംവിധാനം എന്തെല്ലാമാണ് ;

(ഡി) മിക്ക ആഫീസുകളിലും പൊതുജനങ്ങൾ പൂരിപ്പിച്ച് നൽകേണ്ട പല ഫോറങ്ങളും ഇപ്പോഴും ഇംഗ്ലീഷ് ഭാഷയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാർ ഉത്തരവുകൾ മലയാള ഭാഷയിൽ പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. വി. എസ്. അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) ഭരണത്തിന്റെ എല്ലാ തലങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. മലയാളം ഭരണഭാഷയാക്കിയിട്ടുള്ള വകുപ്പുകളിൽ നിയമപരമായി ഇംഗ്ലീഷും ന്യൂനപക്ഷ ഭാഷകളും ഉപയോഗിക്കേണ്ട സന്ദർഭങ്ങളിലൊഴികെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇംഗ്ലീഷിൽ കത്തുകൾ അയയ്ക്കുന്ന ഫയലുകളിൽപ്പോലും കുറിപ്പു ഫയൽ മലയാളത്തിൽ എഴുതി ലക്ഷ്യം കൈവരിക്കുന്നതിനാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. താലൂക്ക് തലത്തിലും, ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള വിവിധ ഓഫീസുകളിൽ 75% ഭരണഭാഷാമാറ്റ പുരോഗതി കൈവരിച്ചിട്ടുണ്ട്. സെക്രട്ടേറിയറ്റ് തലത്തിൽ ഭരണഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1) ബി പ്രകാരം നാളിതുവരെ പല ഘട്ടങ്ങളിലായി 69 സർക്കാർ വകുപ്പുകളിലും അവയുടെ ഭരണവകുപ്പുകളിലും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിലും 10 പൊതുമേഖലാ സ്ഥാപനങ്ങളിലും 21 സ്വയംഭരണസ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുജനങ്ങളുമായി ഏറെ സമ്പർക്കമുള്ള പഞ്ചായത്ത്, റവന്യൂ, സഹകരണം ഗ്രാമവികസനം, സാമൂഹികക്ഷേമം, വിവര-പൊതുജന സമ്പർക്ക വകുപ്പ്, സ്റ്റേഷനറി വകുപ്പ്, ഔദ്യോഗിക ഭാഷാ വകുപ്പ് എന്നിവയിൽ മലയാളം സാർവത്രികമായി ഉപയോഗിക്കുന്നു.

(സി) സംസ്ഥാനത്തെ ഔദ്യോഗിക ഭാഷാ മാറ്റ പുരോഗതി വിലയിരുത്തുന്നതിന് താലൂക്ക്, ജില്ലാ സംസ്ഥാനതലങ്ങളിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലത്തിലും ഔദ്യോഗിക ഭാഷാ സമിതികൾ പ്രവർത്തിക്കുന്നു. തഹസീൽദാർ കൺവീനറും വിവിധ വകുപ്പുകളുടെ താലൂക്കുതല ഓഫീസർമാർ അംഗങ്ങളും ആയിട്ടുള്ള താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതി 2 മാസത്തിലൊരിക്കലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും എ.ഡി.എം. കൺവീനറും ജില്ലാ ഓഫീസർമാരും തഹസീൽദാർമാരും അംഗങ്ങളുമായിട്ടുള്ള ജില്ലാ സമിതി 3 മാസത്തിലൊരിക്കലും യോഗം ചേർന്ന് താലൂക്ക്, ജില്ലാ തലങ്ങളിലുള്ള ഭരണഭാഷാ മാറ്റ പുരോഗതി വിലയിരുത്തുന്നു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ഭരണവകുപ്പു സെക്രട്ടറിമാരും വകുപ്പു തലവൻമാരും ജില്ലാ കളക്ടർമാരും അംഗങ്ങളായുള്ള സംസ്ഥാന സമിതി 4 മാസത്തിലൊരിക്കൽ യോഗം ചേർന്ന് സംസ്ഥാന തല ഭരണഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നു. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനും ബഹു. സാംസ്കാരിക വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനും ആയ ഉന്നതതല സമിതി 6 മാസത്തിലൊരിക്കൽ യോഗം ചേരുകയും ഭരണഭാഷാമാറ്റ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. സർക്കാരിന് ഭരണഭാഷ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമസഭാസമിതിയും പ്രവർത്തിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിലെ കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തുന്നതിന് വകുപ്പുകളിൽ പരിഭാഷാ സെല്ലുകൾ രൂപീകരിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നത്ര സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കാൻ കൂടുതൽ ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

## നൂതന ദാരിദ്ര്യ നിർമ്മാർജന ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം

*160 ശ്രീ. മാങ്കോട് രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂതന ദാരിദ്ര നിർമ്മാർജ്ജന ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡവലപ്മെന്റ് പ്രോഗ്രാം സംസ്ഥാനത്തു നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ നടപ്പാക്കി തുടങ്ങുമെന്നു വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ചുമതല ഏല്പിച്ചിട്ടുള്ളതാരെയാണ്;

(സി) ഈ പദ്ധതിയിൽ നിന്നും ഏതെങ്കിലും നഗരങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം നഗരങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്;

(ഡി) ഈ പദ്ധതിയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നതെന്തെല്ലാമാണെന്നും ഇതിനായി എത്രമാത്രം കേന്ദ്ര സഹായം ലഭിക്കുമെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. പാലൊളി മുഹമ്മദ്കുട്ടി**
**(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി)**

(എ) കേന്ദ്രസർക്കാരിന്റെ നൂതന നഗര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ ഇന്റഗ്രേറ്റഡ് ഹൗസിംഗ് & സ്ലം ഡവലപ്മെന്റ് പ്രോഗ്രാം (IHSDP) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.എച്ച്.എസ്.ഡി.പി. സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കുടുംബശ്രീയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(ബി) നടപ്പാക്കുന്നതിന്റെ ചുമതല അതാതു നഗരസഭകൾക്കാണ്.

(സി) ഉണ്ട്. തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളെ ഐ.എച്ച്.എസ്.ഡി.പി. യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) നഗര ചേരി നിവാസികൾക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യങ്ങളും ജീവിത സൗകര്യങ്ങളും ലഭ്യമാക്കുകയെന്നതാണ് ഐ.എച്ച്.എസ്.ഡി.പി. പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

ചേരികളുടെ സമഗ്രവികസനം, ചേരി പുനരധിവാസം, ചേരികളുടെ റീ-ലൊക്കേഷൻ എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. കൂടാതെ ചേരി നിവാസികൾക്കായുള്ള ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കക്കൂസ് നിർമ്മാണം, ശുദ്ധജലവിതരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ, ഓടകൾ, ചെറുറോഡുകൾ, സീവേജ് ലൈനുകൾ, തെരുവുവിളക്കുകൾ, അംഗൻവാടി കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ, അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്കായുള്ള പ്രോജക്ടുകളും നടപ്പിലാക്കാവുന്നതാണ്.

ഐ.എച്ച്.എസ്.ഡി.പി. പ്രോജക്ട് പ്രകാരമുള്ള സാമ്പത്തിക സഹായത്തിന്റെ 80 ശതമാനം കേന്ദ്ര സർക്കാർ വിഹിതവും 20 ശതമാനം സംസ്ഥാന വിഹിതമായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. എം.പി./എം.എൽ.എ. പ്രാദേശിക വികസന ഫണ്ടും സംസ്ഥാന സർക്കാർ വിഹിതമായി ഐ.എച്ച്.എസ്.ഡി.പി. പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ഈ വർഷം ലഭിക്കാവുന്ന തുകയുടെ കൃത്യമായ വിശദാംശങ്ങൾ ഇതുവരെ അറിവായിട്ടില്ല. 'ഡിമാന്റ് ബേസ്ഡ്' പ്രോജക്ട് ആയിട്ടാണ് ഐ.എച്ച്.എസ്.ഡി.പി. വിഭാവനം ചെയ്തിരിക്കുന്നത്. ഗുണമേന്മയുള്ള പ്രോജക്ടുകൾ തയ്യാറാക്കി, നഗരസഭകൾ, സംസ്ഥാന ഗവൺമെന്റ് വഴി, കേന്ദ്രഗവൺമെന്റിനു സമർപ്പിക്കേണ്ടതുണ്ട്. നിർബന്ധമായും (Mandatory) ഐശ്ചികമായും (Optional) പരിഷ്കാരങ്ങളുമായി ബന്ധപ്പെടുത്തിയാണ് പ്രോജക്ടുകൾക്കുള്ള ധനസഹായം അനുവദിക്കുന്നത്. സംസ്ഥാന സർക്കാരും നഗരസഭകളും കേന്ദ്രഗവൺമെന്റുമായി പരിഷ്കാരങ്ങൾക്കുള്ള ഒരു ധാരണാപത്രം ഒപ്പിടേണ്ടതുണ്ട്.

## ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള നടപടികൾ

*161 ശ്രീ. വി. ചെന്താമരാക്ഷൻ
,, കെ. വി. അബ്ദുൾ ഖാദർ
,, എ. എം. യൂസഫ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ തകർച്ചയിൽ ആത്മഹത്യ ചെയ്ത കർഷകരുടെ കടങ്ങൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ എത്രത്തോളമായിട്ടുണ്ട്; എത്ര രൂപവരെയുള്ള കടങ്ങളാണ് എഴുതിതള്ളാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) ബാങ്ക് അധികൃതരുമായി മുഖ്യമന്ത്രി ചർച്ച നടത്തിയിരുന്നുവോ;

(സി) കാർഷിക വിളകളുടെ സ്ഥിതിയും പ്രകൃതിക്ഷോഭവും അടിസ്ഥാനമാക്കി അതത് ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന കാർഷിക കടാശ്വാസ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ എന്തു നിലപാടാണ് ബാങ്കുകൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**ഉത്തരം:- ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) സംസ്ഥാനത്ത് കടക്കെണിമൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കടബാദ്ധ്യത എഴുതിത്തള്ളുന്നതിന് 22-5-2006-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതു സംബന്ധിച്ച അനന്തര നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) 6-6-2006-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗിൽ ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക കടം എഴുതിത്തള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 19-6-2006-ൽ വിളിച്ചു ചേർത്ത സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് പ്രതിനിധികളുടെ യോഗത്തിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെയ്ത കർഷകരുടെ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കാർഷിക വിളകളുടെ സ്ഥിതിയും പ്രകൃതിക്ഷോഭവും അടിസ്ഥാനമാക്കി അതാത് ഘട്ടങ്ങളിൽ സർക്കാർ പ്രഖ്യാപിക്കുന്ന കാർഷിക കടാശ്വാസ പദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ അനുകൂല നിലപാടാണ് ബാങ്കുകൾ സ്വീകരിച്ചിട്ടുള്ളത്. തത്ഫലമായി സംസ്ഥാനത്തെ കർഷകർക്ക്-വയനാട് ജില്ലയൊഴികെ- 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തെ പലിശയിളവ് ആനുകൂല്യമായി 10.53 കോടി രൂപയും 23-1-2004 മുതൽ ഒരു വർഷത്തെ പലിശ ഇളവ് ആനുകൂല്യമായി 72.73 കോടി രൂപയും വയനാട് ജില്ലയ്ക്ക് പ്രത്യേക പദ്ധതിയിൻ കീഴിൽ 1-4-2001 മുതൽ 5 വർഷത്തെ പലിശ ഇളവായി 62.40 കോടി രൂപയും ബാങ്കുകൾ കർഷകർക്ക് അനുവദിച്ചു നൽകുകയുണ്ടായി.

## പ്രവാസിമലയാളികളുടെ സഹായത്തോടെ തൊഴിലില്ലായ്മ പരിഹരിക്കുവാനുള്ള സംരംഭം

*162 ശ്രീ. സി.എച്ച്.കുഞ്ഞാംബു
,, വി.എൻ.വാസവൻ
,, ആനത്തലവട്ടം ആനന്ദൻ
,, കെ. കെ. ജയചന്ദ്രൻ
,, മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) വിദേശജോലി നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തി തൊഴിലില്ലാതെ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ പരിഗണനയിലുണ്ട് ;

(ബി) പ്രവാസി മലയാളികളുടെ സഹായത്തോടെ ഇതിനായി എന്തെല്ലാം പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നു;

(സി) പ്രവാസി മലയാളികളുടെയും വിദേശത്തുനിന്ന് തിരിച്ച് വരുന്നവരുടെയും സമ്പാദ്യത്തെ കാർഷിക വ്യാവസായിക മേഖലകളിലേക്ക് ആകർഷിക്കുന്ന തിനായി പ്രത്യേക ധനകാര്യ സ്ഥാപനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:– ശ്രീ. വി. എസ്. അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) & (ബി) വിദേശ ജോലി നഷ്ടപ്പെട്ട് തിരിച്ചുവരുന്നവർക്കായി പ്രവാസി കേരളീയ കാര്യവകുപ്പ് അതിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സും ഒട്ടേറെ ക്ഷേമപുനരധിവാസ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. ഇവ ഇപ്രകാരമാണ്.

**<u>'സാന്ത്വന'</u>** : ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും തിരികെയെത്തിവരുമായ പ്രവാസികളുടെ സഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ പദ്ധതിയുടെ മാതൃകയിൽ ഉള്ള സഹായനിധിയാണ് 'സാന്ത്വന'. സർക്കാരിൽ നിന്നുള്ള ഫണ്ട് കൂടാതെ, അന്താരാഷ്ട്ര സാമൂഹ്യ സംഘടനകൾ, വിദേശ മലയാളി അസോസിയേഷനുകൾ എന്നിവയുടെ സഹായത്തോടെയാണ് ഈ സഹായനിധി ആരംഭിച്ചിട്ടുള്ളത്. ഈ നിധിയിൽനിന്ന് ഇതുവരെ 142 പേർക്ക് 14,06,000 രൂപ സർക്കാർ സഹായം നൽകിയിട്ടുണ്ട്.

**<u>ധനകാര്യനിക്ഷേപ സംരംഭകത്വ വികസനപദ്ധതികൾ</u>** : സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവാസികൾക്കായി ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, സൂപ്പർമാർക്കറ്റുകൾ, വിപണനശൃംഖലകൾ എന്നിവ സ്ഥാപിക്കുക, ഇടത്തരം നിക്ഷേപകർക്ക് ആവശ്യമായ സംരംഭങ്ങൾ വിദഗ്ദ്ധരുടെ സഹായത്തോടെ രൂപവൽക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നിവയെല്ലാമാണ് ടി. പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ഇതിന്റെ തുടക്കമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഒട്ടേറെ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**<u>പ്രവാസി സാമൂഹ്യ സുരക്ഷാപദ്ധതി</u> – <u>'പ്രവാസി സ്വാശ്രയ'</u>** : ഏറ്റവും കുറഞ്ഞ വരുമാനക്കാർ മുതൽ ഉയർന്ന വരുമാനക്കാർക്ക് വരെ അനുയോജ്യമായ ഇൻഷുറൻസ് പദ്ധതികൾ എൽ.ഐ.സി. യുമായി യോജിച്ച് 'പ്രവാസി സ്വാശ്രയ' എന്ന പേരിൽ നടപ്പിലാക്കി വരുന്നു. ആദ്യമായി വിദേശത്ത് പോകുന്നവർക്ക് കേന്ദ്ര സർക്കാർ നിർബന്ധമാക്കിയിട്ടുള്ള പ്രവാസി ഭാരതീയ ഭീമാ യോജന, ആരോഗ്യ അപകട ഇൻഷുറൻസുകൾ എന്നിവയും ഇതിൽപ്പെടുന്നു.

**<u>എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്</u>** : സ്പോൺസർമാർ കൈയൊഴിയുന്നവരെയും അപകടത്തിൽപ്പെടുന്ന വിദേശ മലയാളികളെയും വിദേശത്ത് മരണമടയുന്ന താഴ്ന്ന വരുമാനക്കാരായ മലയാളികളുടെയും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനു് സർക്കാർ 'എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്' രൂപീകരിച്ചിട്ടുണ്ട്. ഇതിനായി സർക്കാർ നിശ്ചിത തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**<u>നിയമസഹായങ്ങൾ</u>** : പ്രവാസിമലയാളികൾക്ക് നിയമോപദേശം നൽകുക, കേസുകൾ നേരിടാൻ ചർച്ചകൾ ഏർപ്പെടുത്തുക, പൊതു നിയമ പ്രശ്നങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക എന്നിവയാണ് സെല്ലിന്റെ പ്രധാന ലക്ഷ്യങ്ങൾ.

**<u>നോർക്ക സെന്റർ</u>** : നോർക്ക വകുപ്പിന്റെയും റൂട്ട്സിന്റെയും വിവിധ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കേരളത്തിന്റെ വിദേശ മൂലധന നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമായി തിരുവനന്തപുരത്ത് ഒരു നോർക്ക സെന്റർ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ കെട്ടിടത്തിന് തറക്കല്ലിട്ടു കഴിഞ്ഞു. കൂടാതെ, പ്രവാസി മലയാളികളുമായും അവരുടെ അസോസിയേഷനുകളുമായും, മറ്റ് വിദഗ്ദ്ധരുമായും ചർച്ച ചെയ്ത് പുതിയ തൊഴിൽദാന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

(സി) പ്രവാസി മലയാളികളുടെയും വിദേശത്തുനിന്നും തിരിച്ചു വരുന്നവരുടെയും സമ്പാദ്യത്തെ ആകർഷിക്കുന്നതിനായി നോർക്കയും നോർക്ക-റൂട്ട്സും ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ ഇതിനായി പ്രത്യേകിച്ച് ഒരു ധനകാര്യ സ്ഥാപനം ആരംഭിക്കേണ്ടതില്ല.

## മുല്ലപ്പെരിയാർ ഡാമിന്റെ ജലസംഭരണശേഷി സംബന്ധിച്ച നിലപാട്

*163 ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലസംഭരണശേഷി 136 അടിയിൽ കൂടുതൽ ഉയർത്തണമെന്ന തമിഴ്നാട് സർക്കാരിന്റെ ആവശ്യത്തോടുള്ള സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) 999 വർഷത്തേയ്ക്ക് മുല്ലപ്പെരിയാർ നദീജലം തമിഴ്നാടുമായി പങ്കിടണമെന്ന ബ്രിട്ടീഷ് സർക്കാർ-തിരുവിതാംകൂർ മഹാരാജാവുമായി ഉണ്ടാക്കിയ കരാർ നിലനിൽക്കുന്നതല്ലാത്തതിനാൽ അവ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം:- ശ്രീ. വി. എസ്. അച്ചുതാനന്ദൻ**
**(മുഖ്യമന്ത്രി)**

(എ) നൂറുവർഷത്തിലധികം പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയും ഡാമിന്റെ താഴ്ഭാഗങ്ങളിലുള്ള ജനങ്ങളുടെയും ജീവജാലങ്ങളുടെയും രക്ഷയും ഉറപ്പാക്കുന്നതിന് ഡാം ബലപ്പെടുത്തൽ നടപടികൾ പൂർത്തീകരിച്ചാലും ഡാമിലെ ജലവിതാനം +136 അടിയിൽ നിന്ന് ഉയർത്താൻ പാടില്ല എന്നാണ് സർക്കാർ നിലപാട്.

(ബി) ഈ വിഷയം സംബന്ധിച്ച നിയമവശങ്ങൾ പരിശോധിച്ച് മറുപടി നൽകുന്നതാണ്.

## പുതിയ റെയിൽപാതയുടെ സർവ്വേ

*164 ശ്രീ. വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നിയമവും പാർലമെന്ററികാര്യവും**
**സ്പോർട്സും യുവജനക്ഷേമവും തുറമുഖവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഏതെല്ലാം പുതിയ ട്രെയിൻ സർവീസ് അനുവദിച്ചിട്ടുണ്ട് ;

(ബി) ഈ വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളനുസരിച്ച് ഏതെല്ലാം പുതിയ റെയിൽപാതകളുടെ സർവ്വേയാണ് നടത്തുന്നത്;

(സി) ഈ പാതകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം:- ശ്രീ. എം. വിജയകുമാർ**
**(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)**

(എ) സംസ്ഥാനത്ത് ഈ വർഷം അനുവദിക്കപ്പെട്ട പുതിയ ട്രെയിനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. 2695/2696 - തിരുവനന്തപുരം സെൻട്രൽ-ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് (ദിവസേന)
2. തിരുവനന്തപുരം സെൻട്രൽ-ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് (ആഴ്ചയിലൊരിക്കൽ)
3. മംഗലാപുരം-ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ്സ് (ട്രൈവീക്ക്ലി)
4. എറണാകുളം-ബാംഗ്ളൂർ വീക്കിലിയിൽ നിന്നും ബൈവീക്കിലിയായി

(ബി) & (സി) 2006-07 ലേക്കുള്ള കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ എടപ്പള്ളി-ഗുരുവായൂർ, ശബരിമല-ചെങ്ങന്നൂർ എന്നീ പുതിയ പാതകളാണ് അനുവദിക്കപ്പെട്ടത്. മേൽ സൂചിപ്പിച്ച പാതകളുടെ സർവ്വേ താമസിയാതെ തന്നെ പൂർത്തിയാക്കണം എന്ന ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് പദ്ധതികൾ

*165 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവള വികസനത്തിന് പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം:- ശ്രീ. വി. എസ്. അച്ചുതാനന്ദൻ (മുഖ്യമന്ത്രി)**

(എ) ഉണ്ട്.

(ബി) വിമാനത്താവള വികസന പദ്ധതിയുടെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിമാന റിപ്പയറിംഗ് സൗകര്യങ്ങളും, സാങ്കേതിക പരിശീലന കേന്ദ്രവും, വ്യവസായിക പാർക്കുകൾ, ഹോട്ടലുകൾ, വിനോദ കേന്ദ്രങ്ങൾ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) മേൽപദ്ധതികളിൻമേൽ വിമാനത്താവള ഡയറക്ടർ ബോർഡ് വിശദമായ പരിശോധന നടത്തി അംഗീകരിച്ച ശേഷം ആരംഭിക്കുന്നതാണ്.